DESPATCHED
17/06/2020
20.3.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2715*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **16614**/*എസ്.ഐ.സി-ജി 6/14*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.പി.സുരേന്ദ്രൻ,
പ്രസിഡന്റ് ഉപഭോക്തൃ സമിതി,
പേരാവൂർ ഗ്രാമപഞ്ചായത്ത്, പോനോൻ ഹൗസ്,
ഞങ്ങാടിയിൽ, മേൽ മുരിങ്ങോടിയിൽ പി.ഒ.,
പേരാവൂർ, കണ്ണൂർ – 670 673. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   ജില്ലാ സപ്ലൈ ഓഫീസ്,
   സിവിൽ സ്റ്റേഷൻ, കണ്ണൂർ.

2. അപ്പീൽ അധികാരി&
   റേഷനിംഗ് കൺട്രോളർ,
   സിവിൽ സപ്ലൈസ് കമ്മീഷനറുടെ കാര്യാലയം,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 16.09.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22.10.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 14.10.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20.10.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 25.10.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 22.09.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.പി.സുരേന്ദ്രൻ, 25.10.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 27.10.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2715(7)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിൽ ടിയാന്റെ അപേക്ഷ ഇന്ത്യൻ ഓയിൽ കമ്പനിയ്ക്ക് അയച്ചിട്ടുണ്ട് എന്നാണ് അറിയിച്ചതെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും നാളിതുവരെ മറുപടി ലഭ്യമായില്ലെന്നും ആയത് ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 16.09.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 22.09.2014ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 20.10.2014ന് മറുപടി നൽകിയതായും കാണുന്നു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ കമ്മീഷനിൽ രണ്ടാം അപ്പീൽ നൽകിയതിനു ശേഷം ടിയാന്റെ പരാതിയ്ക്ക് ആധാരമായ വിഷയം പരിഹരിച്ചതിനാൽ കമ്മീഷനിൽ നൽകിയ പരാതി പിൻവലിക്കുന്നതായി അറിയിച്ച് കമ്മീഷനിൽ കത്തു നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 20–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★